**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോട് കൂടി കെ.എസ്.ആർ.ടി.സി.യുടെ പരിപൂർണ്ണ സഹായ സഹകരണത്തോട് കൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. 2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്ന തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു. 4. കെ.എസ്.ആർ.ടി.സി.യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. 5. കെ.എസ്.ആർ.ടി.സി.യുടെ ബസ്-സ്റ്റാഫ് ആനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമി ക്കുകയാണ്. 6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാ ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ഇവയാണ്. i) ചെലവ് കുറഞ്ഞ LNG / CNG മുതലായ ഇന്ധനങ്ങളിലേക്കു മാറ്റുക. ii) റൂട്ട് Rationalization. iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക. iv) സർവ്വീസ് Operation Optimize ചെയ്യുക. v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക. vi) |

| | | | |
|---|---|---|---|
| | | | ഇന്ധനക്ഷമത വർദ്ധിപ്പിക്കുക. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പി ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. a) Logistic division ആരംഭിക്കുക. b).പരസ്യങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക. c) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസുകൾ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുക (Shop On Wheels). d) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ Supplyco consumer fed, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ lease / rent-നു കൊടുക്കുന്ന താണ്. e) കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതിയി ലുള്ള, എന്നാൽ നിലവിൽ ഉപയോഗിക്കാനാ വാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റി തര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾ ക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയി ട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതു വഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. കോവിഡ് സാഹചര്യത്തിൽ സർവ്വീസ് നടത്താൻ സാധിക്കാത്ത അധിക ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്തതുമൂലം ഇൻഷ്വറൻസ് തുക, ബാറ്ററി, ടയർ, ല്യൂബ്രിക്കൻസ് ഇന ത്തിൽ ചെലവ് കുറയും. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്സ് / ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. 3400 ഡീസൽ ബസ്സുകൾ LNG / CNG-യിലേക്ക് convert ചെയ്യുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ ത്തിന്റെ ഭാഗമായി സമഗ്ര പഠനം നടത്തുന്ന തിന് 2016 കാലഘട്ടത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയിലെ പ്രൊഫസർ സുശീൽ ഖന്നയെ സർക്കാർ നിയോഗിക്കുകയും 2019-ൽ ടിയാൻ പഠന റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുകയും ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.യുടെ ഭരണ സമിതി പുനഃസംഘടന, മാനേജ്മെന്റിലെ പുനരുദ്ധാരണം, |

| | | | |
|---|---|---|---|
| | | | ബസ് ജീവനക്കാരുടെ അനുപാതം ക്രമീകരിക്കൽ, ഐ.റ്റി., ഇൻഫ്രാസ്ട്രക്ചർ, സർവ്വീസ് ഓപ്പറേഷൻ, സാമ്പത്തിക അച്ചടക്കം മുതലായ എല്ലാ വിഭാഗങ്ങളെയും സംബന്ധിച്ച് നടത്തിയ സമഗ്ര റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ